പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : * 26

30.11.2015-ലെ മറുപടിയ്ക്ക്

## "തീരദേശ പ്രകൃതി പ്രതിഭാസം"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി**<br>**,, സി. മോയിൻ കുട്ടി**<br>**,, എം. ഉമ്മർ**<br>**,, എൻ. ഷംസുദ്ദീൻ** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) തീരമേഖലയിൽ അടുത്തകാലത്തുണ്ടായ പ്രകൃതി പ്രതിഭാസവ്യതിയാനങ്ങളെക്കുറിച്ച് പഠനം നടത്താൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ അതിന്റെ ഫലമെന്താണെന്ന് വെളിപ്പെടുത്തുമോ; | (എ) അതെ, അസാധാരണമായ കടൽ കയറ്റവും കടലിറക്കവും തീരപ്രദേശങ്ങളിലെ സസ്യങ്ങളുടെ ഇലകൾ കരിഞ്ഞുണങ്ങുന്ന പ്രതിഭാസവും, തീരക്കടലിലെ ചില സൂക്ഷ്മ ജീവികളുടെ പെട്ടെന്നുണ്ടാകുന്ന അതിപ്രസരവും വർദ്ധനവും മൂലമുണ്ടാകുന്ന കടൽ ജല നിറഭേദവും ചില തീരമേഖലകളിൽ അനുഭവപ്പെട്ടതാണ് അടുത്ത കാലത്തുണ്ടായ പ്രകൃതിപ്രതിഭാസ വ്യതിയാനങ്ങൾ. ഇത്തരം പ്രതിഭാസങ്ങളെക്കുറിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾ യഥാസമയം പഠിക്കുകയും തുടർ പഠനം ആവശ്യമെങ്കിൽ നടത്തുകയും ചെയ്യുന്നതാണ്. കെ.എഫ്. ആർ.ഐ, സി.ഡബ്ളിയൂ.ആർ.ഡി.എം, കെ.യു.എഫ്.ഒ.എസ്, എൻ.സി.ഇ.എസ്സ്.എസ്സ്, എൻ.ഐ.ഒ തുടങ്ങിയ സ്ഥാപനങ്ങൾ ഈ പ്രതിഭാസത്തെക്കുറിച്ച് പഠിക്കുകയുണ്ടായി.<br><br>ഈ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പഠന റിപ്പോർട്ടുകളും , റിപ്പോർട്ടിന്മേൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശാസ്ത്ര കൗൺസിൽ എടുത്ത തീരുമാനവും **ഉള്ളടക്കം** ചെയ്യുന്നു. |

| | |
|---|---|
| (ബി) ഇതേത്തുടർന്ന് തീരദേശ പ്രദേശത്തുണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിക്കാൻ കൂടുതൽ സംവിധാനമൊരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) കെ.എഫ്. ആർ.ഐ, സി.ഡബ്ളിയു.ആർ.ഡി.എം എന്നീ സ്ഥാപനങ്ങളിൽ ഇപ്പോഴുളള പഠന സംവിധാനങ്ങൾ ശക്തിപ്പെടുത്തുവാൻ നടപടികൾ എടുക്കുന്നുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തീരമേഖലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിക്കാനുളള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. |
| (സി) സംസ്ഥാനത്തിന്റെ തീരദേശമേഖലയിലുണ്ടാകുന്ന എല്ലാത്തരം വ്യതിയാനങ്ങളും നിരീക്ഷിക്കാനും, അവ തീരപ്രദേശ സുരക്ഷയ്ക്കും മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വത്തിനും ഉപയുക്തമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിർദ്ദേശം ലഭിക്കുന്ന മുറക്ക് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

[illegible]